## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2175** — **23.3.2012- ൽ മറുപടിയ്ക്ക്**

### എൻ.ആർ.എൽ.എം പദ്ധതിയുടെ നോഡൽ ഏജൻസി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.ശ്രീ.രാമകൃഷ്ണൻ | | | ഡോ: എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ | എൻ.ആർ.എൽ.എം. പദ്ധതിയുടെ നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിരുന്ന കുടുംബശ്രീയെ അതിൽ നിന്നും മാറ്റിയിട്ടുണ്ടോ; | എ | **12.11.2010 ലെ ജി.ഒ (എം.എസ്) നം.262/2010/തസ്വഭവ ഉത്തരവ് പ്രകാരം കുടുംബശ്രീയെ സംസ്ഥാന ലൈവ്ലിഹുഡ് മിഷനായി തീരുമാനിച്ചിട്ടുണ്ട്. അത് മാറ്റിയിട്ടില്ല.** |
| ബി | കേന്ദ്രാവിഷ്കൃതമായ ഈ പദ്ധതിയുടെ നിർവ്വഹണം കേരളത്തിലെ രീതിക്കനുസരിച്ച് നടപ്പിലാക്കാൻ ശ്രമിക്കുമോ; | ബി | **ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.** |
| സി | കുടുംബശ്രീയുടെ ഗ്രാമ പഞ്ചായത്ത് തലത്തിലെ മെമ്പർ സെക്രട്ടറിമാരായി അധികചുമതല വഹിക്കുന്ന ഉദ്യോഗസ്ഥരുടെ ജോലിഭാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി | **തദ്ദേശഭരണ സ്ഥാപനത്തേയും കുടുംബശ്രീ സാമൂഹിക സംഘടന സംവിധാനത്തേയും വികസനപ്രവർത്തനങ്ങൾക്കായി കോർത്തിണക്കുന്ന ഔദ്യോഗിക കണ്ണിയാണ് മെമ്പർ സെക്രട്ടറി അതുകൊണ്ട് കുടുംബശ്രീയുടെ മെമ്പർ സെക്രട്ടറിയായി പ്രവർത്തിക്കുന്നത് അധിക ജോലി ഭാരമായി കാണാൻ കഴിയുന്നതല്ല.** |
| ഡി | ഇവർക്ക് പ്രത്യേകം വേതനം ഇതിനായി നൽകുന്നതിന് നടപടി സ്വികരിക്കുമോ? | ഡി | **ഇപ്പോൾ പരിഗണനയിലില്ല.** |

**സെക്ഷൻ ഓഫീസർ**